# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2540 | 09/03/2017 - ൽ മറുപടിക്ക്

## ഇ.എസ്.ഐ. നിയമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | 1948 ൽ പ്രാബല്യത്തിൽ വന്ന ഇ.എസ്.ഐ. നിയമം ബാധകമാകാത്ത 700-ൽ പരം വില്ലേജുകൾ സംസ്ഥാനത്ത് ഉണ്ടായിരുന്നോ; | (എ) | ഉണ്ടായിരുന്നു |
| (ബി) | 31-01-2017 ന് കേന്ദ്ര സർക്കാർ സംസ്ഥാനം മുഴുവനായും ഇ.എസ്.ഐ. നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയുണ്ടായോ; | (ബി) | 31.01.2017 ലെ വിജ്ഞാപനം മുഖേന 01.02.2017 മുതൽ സംസ്ഥാനം മുഴുവനായും ഇ.എസ്.ഐ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുകയുണ്ടായി |
| (സി) | എങ്കിൽ ഇ.എസ്.ഐ. നിയമം സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ എന്തൊക്കെ മാറ്റങ്ങൾക്ക് കാരണമാവും; | (സി) | കഴിഞ്ഞ ഒരു വർഷത്തിനുള്ളിലോ അതിനുശേഷമോ ഏതെങ്കിലും ഒരു ദിവസം പത്തോ അതിലധികമോ തൊഴിലാളികൾ ജോലിചെയ്യുന്ന മേഖലകളിലെ തൊഴിലാളികളുടെ സാമൂഹ്യ പരിരക്ഷയ്ക്കുള്ള സമഗ്ര പരിപാടിയാണ് ഇ.എസ്.ഐ പദ്ധതി. ഇതിൽ സീസണൽ തൊഴിൽ മേഖലയും പ്ലാന്റേഷൻ മേഖലയും ഉൾപ്പെടുന്നില്ല. പ്രതിമാസം 21,000/- രൂപ വരെ വേതനം ലഭിക്കുന്ന വ്യവസായശാലകളിലേയും, സ്ഥാപനങ്ങളിലേയും തൊഴിലാളികൾക്ക് ഇ.എസ്.ഐ നിയമത്തിൻ കീഴിലുള്ള സാമൂഹ്യ സുരക്ഷയ്ക്ക് അവകാശമുണ്ട്. പരിരക്ഷിത തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പണമായി ആനുകൂല്യങ്ങൾ നൽകാനുള്ള ഉത്തരവാദിത്വം കോർപ്പറേഷന്റേതായതിനാൽ, വേതനം നഷ്ടപ്പെടുന്ന തരത്തിലുള്ള രോഗം, ജോലിക്കിടെ പരിക്ക് അഥവാ ശാരീരിക അവശത എന്നിവ മൂലം തൊഴിലാളികൾക്കുണ്ടാകുന്ന ശാരീരിക ക്ലേശങ്ങൾ എന്നീ സാഹചര്യങ്ങളിൽ തൊഴിലുടമകൾ എല്ലാവിധ ഉത്തരവാദിത്വങ്ങളിൽ |

| | | | |
|---|---|---|---|
| | | | നിന്നും വിമുക്തരാകുന്നു. ഇ.എസ്.ഐ പദ്ധതിയുടെ പരിധിയിൽ വരുന്ന എല്ലാ തൊഴിൽ മേഖലയിലേയും തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷിതത്വം ലഭിക്കുന്നുണ്ട് |
| (ഡി) | ഏതെല്ലാം വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ ഇ.എസ്.ഐ. നിയമം മുഖേന ലഭ്യമാകും; വിശദാംശങ്ങൾ നല്കുമോ? | (ഡി) | പത്തോ അതിലധികമോ തൊഴിലാളികളെ നിയോഗിച്ചിട്ടുള്ള വ്യവസായശാലകൾക്കും മറ്റു സ്ഥാപനങ്ങൾക്കും, അതാത് റോഡ് ഗതാഗത സ്ഥാപനങ്ങൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, സിനിമ തീയറ്ററുകൾ, വർത്തമാന പത്ര സ്ഥാപനങ്ങൾ, കടകൾ, വിദ്യാഭ്യാസ/മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഇ.എസ്.ഐ പദ്ധതി ബാധകമാണ്. രോഗാനുകൂല്യം, അവശതാനുകൂല്യം, ആശ്രിതാനുകൂല്യം, പ്രസവാനുകൂല്യം, ചികിത്സാനുകൂല്യം, മൃതസംസ്കാര ചെലവുകൾ, തൊഴിൽ പരിശീലനം, ശാരീരിക പുനരധിവാസം, വിരമിച്ചതിനു ശേഷമുള്ള ആനുകൂല്യം എന്നിവയാണ് ഈ നിയമം മുഖേന ലഭ്യമാകുന്ന ആനുകൂല്യങ്ങൾ |

സെക്ഷൻ ഓഫീസർ